വേദനയിൽ നീറിപ്പുകയുന്ന നിരാലംബമായ ജീവിതങ്ങളുമായി 1984ന്റെ നടുക്കം ഭോപ്പാൽ ഇന്നും ഉള്ളിൽ സൂക്ഷിക്കുന്നുണ്ട്. രോഗവും മരണവും അവർക്ക് നിർവ്വികാരമായ ഭയരഹിതമായ ദീനയാഥാർത്ഥ്യങ്ങളായിത്തീർന്നിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തത്തിന് കാരണമായ യൂണിയൻ കാർബൈഡിന്റെ അന്നത്തെ ചെയർമാൻ വാറൻ ആൻഡേഴ്സൺ അറസ്റ്റ് വാറണ്ടുകളെയെല്ലാം അതിജീവിച്ച് ന്യൂയോർക്കിൽ നിന്നും വിളിപ്പാടകലെ ഒരു ദ്വീപിൽ സസുഖം കഴിയുന്നു. ഭോപ്പാൽക്കാർക്ക് കിട്ടിയ നഷ്ടത്തിന്റെ മൂന്നിരട്ടി വരും അദ്ദേഹത്തിന്റെ ഒരു വർഷത്തെ ഗോൾഫ് ക്ലബ് അംഗത്വം.

# കണ്ടവരുണ്ടോ?!

## വാറൻ ആൻഡേഴ്സൺ 88 വയസ്സ്


കെ. ആർ. അജിതൻ

1984 ഡിസംബർ, പേടിപ്പെടുത്തുന്ന ഉൾക്കിടിലത്തോടെയല്ലാതെ ഭോപ്പാൽ നഗരത്തിന് ആ രാത്രിയെക്കുറിച്ചോർക്കാൻ കഴിയില്ല. വിശന്നു ക്ഷീണിച്ചുറങ്ങുന്ന ഫാക്ടറിത്തൊഴിലാളികൾക്കും കർഷകർക്കും, കൂലിപ്പണിക്കാർക്കും മറ്റ് സാധാരണക്കാർക്കുമിടയിലൂടെ അന്തരീക്ഷത്തിലേക്ക് ചോർന്ന വിഷവായു അന്നു മാത്രം അപഹരിച്ചത് എണ്ണായിരത്തോളം ജീവനാണ്. കഴിഞ്ഞ ഇരിപത്തഞ്ചു വർഷങ്ങൾക്കിടയിൽ ഏതാണ്ട് എഴുപതിനായിരത്തോളം പേർ മരണപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. വാസ്തവത്തിൽ ഭോപ്പാലിന്റെ ദുരന്തം അവിടെ തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ. ഇന്നും എത്രയോ പേർ വിവിധ തരം അസുഖങ്ങളോടെ വേദന കടിച്ചമർത്തി ജീവിതം തള്ളിനീക്കുന്നു. ജനന വൈകല്യങ്ങളോടെ എത്രയോ പേർ ദുർവ്വിധിയെ പഴിക്കുന്നു. രോഗവും മരണവും ഭോപ്പാലിനിന്ന് കേവലം നിർവ്വികാരമായ, ദയാരഹിതമായ ദീന യാഥാർത്ഥ്യം മാത്രമാണ്. ലോകത്തിലെ ഏറ്റവും ഭീകരമായ വ്യാവസായിക ദുരന്തത്തിന്റെ ജീർണ്ണ മുഖമാണ് ഇന്ന് ഭോപ്പാലിൽ നമുക്ക് കാണാനാവുക. വേദനയിൽ നീറിപ്പുകയുന്ന നിരാലംബ ജീവിതങ്ങൾ നഗരത്തിലെ സാധാരണ കാഴ്ചയാണ്. വിഷവാതകത്തിന്റെ ചേരുവകൾ (ഘടന) എന്തൊക്കെയായിരിക്കുമെന്ന് കമ്പനി അധികാരികൾ ഇനിയും പുറത്തു വിട്ടിട്ടില്ല. അതൊരു ട്രേഡ് സീക്രട്ടാണെന്ന് അവർ ഊറ്റം കൊള്ളുന്നു. അതുകൊണ്ടു തന്നെ ചികിത്സ എവിടെ തുടങ്ങണമെന്നോ, എങ്ങിനെ നടത്തണമെന്നോ ഇപ്പോഴും ഡോക്ടർമാർക്ക് അറിഞ്ഞുകൂടാ. രോഗങ്ങളും, ലക്ഷണങ്ങളും ഓരോരുത്തരുടേയും വ്യത്യസ്ഥമാണ് എന്നത് ചികിത്സ പിന്നെയും ദുർഘടമാക്കുന്നു.

വാതകച്ചോർച്ചക്കു ശേഷം ഇനിയും വൃത്തിയാക്കൽ നടന്നിട്ടില്ലാത്ത പ്ലാന്റുകളിൽ നിന്നുമുള്ള മലിനീകരണം കുടിവെള്ളത്തിൽ കലരുന്നുണ്ടോ എന്ന് സംശയിക്കപ്പെടുന്നു. വിഷവായു ചോർന്നത് തൊഴിലാളി അട്ടിമറി മൂലമാണെന്ന് വാദിച്ച കമ്പനിക്കെതിരെ സമർപ്പിച്ച സത്യവാങ്മൂലത്തിൽ അവിടെത്തന്നെ ജോലിക്കാരനായിരുന്ന തോട്ടാറാം ചൗഹാൻ ബോധിപ്പിച്ചത്, കമ്പനി കാലാകാലങ്ങളായി ഫാക്ടറിക്കു ചുറ്റുമുള്ള മണ്ണും വെള്ളവും വായുവും മലിനമാക്കുകയായിരുന്നു വെന്നാണ്. ഫാക്ടറി പരിസരത്ത് അട്ടിയട്ടിയായി കിടക്കുന്ന "പോയ്സൻ" എന്നെഴുതിയ വീർത്ത ബാഗുകൾ ഈ വസ്തുതയെ ശരിവെക്കുന്നു. റോട്ടറി ഉപകരണങ്ങൾ പ്രവർത്തിക്കാനുപയോഗിക്കുന്ന മെർക്കുറി വൻതോതിൽ പ്ലാന്റിൽ ഇപ്പോഴും കിടക്കുന്നതു കാണാം. നിഷ്ക്രിയമാക്കപ്പെട്ട പോളിതെയ്ലിൻ രാസപദാർത്ഥങ്ങൾ നിറഞ്ഞ കുളത്തിൽ നിന്നുമാണ് സ്ഥലത്തെ കന്നുകാലികൾ ദാഹം തീർക്കുന്നത്. ഈ കന്നുകാലികളിൽ നിന്നുമുള്ള ഭക്ഷ്യവസ്തുക്കൾ തദ്ദേശീയർ തന്നെയാണ് ഉപയോഗിക്കുന്നത് എന്നും ഓർക്കുക.

അഞ്ചു വർഷത്തെ നീണ്ട ചർച്ചകൾക്കുശേഷമാണ് നഷ്ടപരിഹാരമായി 470 മില്ല്യൻ ഡോളർ എന്ന തുകയിൽ കമ്പനി സമ്മതിച്ചത്. വീണ്ടും എത്രയോ വർഷങ്ങൾക്കു ശേഷമാണ് ഈ തുക അല്പാല്പമായിട്ടെങ്കിലും അതിനർഹരായവരെ തേടിയെത്തിയത്. കാൽനൂറ്റാണ്ടിനു ശേഷം ഇപ്പോഴും മുഴുവൻ തുകയും അവർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നറിയുക.

1982ൽ കമ്പനിയുടെ മുഴുവൻ ഫാക്ടറികളിലും നടന്ന സേഫ്ടി ഓഡിറ്റിൽ മുപ്പതിലധികം അപകടഭീ



വാറൻ ആൻഡേഴ്സൺ



ഇന്ത്യയിൽ അദ്ദേഹത്തിനെതിരെ നടന്ന പ്രതിഷേധം

ഷണികൾ എടുത്തു പറഞ്ഞിരുന്നു. എങ്കിലും, അതുപ്രകാരം സുരക്ഷാ നടപടികൾ കൈക്കൊണ്ടത് അമേരിക്കൻ ഫാക്ടറിയിൽ മാത്രം. ഭോപ്പാൽ ഫാക്ടറിയിൽ അപകടാവസ്ഥ ഇല്ലാതാക്കാൻ കമ്പനി യാതൊന്നും ചെയ്തില്ല. മുന്നറിയിപ്പുകൾ കാറ്റിൽ പറത്തിക്കൊണ്ട് മനുഷ്യജീവന് യാതൊരു പരിഗണനയും കൊടുക്കാൻ കമ്പനിയുടെ ലാഭക്കൊതി തയ്യാറായില്ലെന്നതാണ് സത്യം. സുരക്ഷാനടപടികൾക്കു വേണ്ടിവരുന്ന ചെലവ് കമ്പനിയുടെ വാർഷികാദായത്തിൽ നിന്നും കുറഞ്ഞുപോകുമല്ലോ എന്ന കോർപ്പറേറ്റ് ദുര ഇവിടെ മറനീക്കി പുറത്തു വരുന്നു. ഭോപ്പാൽ ദുരന്തത്തിന്റെ പ്രധാന കാരണവും മറ്റൊന്നല്ല.

വാതകച്ചോർച്ചക്കു പത്തു വർഷത്തിനു ശേഷം ഇന്ത്യയിലെ യൂണിയൻ കാർബൈഡ് കമ്പനി, എവറെസി ഇൻഡസ്ട്രീസ് ഇന്ത്യ ലിമിറ്റഡിനു വിൽക്കപ്പെട്ടു. പിന്നീട്. 2001ൽ ഡൊവ് കെമിക്കൽസ് എന്ന മറ്റൊരു കമ്പനിക്കും ഫലത്തിൽ, ഇന്ത്യയിൽ യൂണിയൻ കാർബൈഡ് എന്നൊരു സ്ഥാപനം നിലവിലില്ല ഇപ്പോൾ. (നികുതി ബാധ്യത പേടിച്ച് ആസ്തികൾ സ്വന്തക്കാരുടെ പേരിലേക്കു മാറ്റുന്ന ആ പഴയ ഏർപ്പാട്) ഇതിനോടകം തന്നെ കമ്പനി ഒരു പാടു പണം മലിനീകരണ നിവാരണത്തിനു വേണ്ടി ചെലവാക്കിയിട്ടുണ്ടെന്നാണ് അമേരിക്കയിലെ ഹോൾഡിംഗ് കമ്പനിയുടെ വക്താക്കൾ പറയുന്നത്. എന്നാൽ ഭോപ്പാൽ ഫാക്ടറിസ്ഥലം ഇപ്പോൾ കൈവശമുള്ള പുതിയ ഉടമകളായ ഡൌസ് കെമിക്കൽസിന്റെ വെബ്സൈറ്റിൽ എഴുതിയിരിക്കുന്നത് കേൾക്കണോ. വാതക അപകടത്തിന്റെ (ദുരന്തമല്ല) നഷ്ടപരിഹാരമൊക്കെ യൂണിയൻ കാർബൈഡ് എന്നേ ജനങ്ങൾക്ക് കൊടുത്ത് ഒത്തുതീർപ്പാക്കി കഴിഞ്ഞു! എന്ന്. എത്ര സമർത്ഥമായി ഈ കോർപ്പറേറ്റ് ഗുണ്ടകൾ നമ്മുടെ നാടിനേയും ജനങ്ങളേയും വിഡ്ഢികളാക്കിയിരിക്കുന്നെന്നു നോക്കൂ.

ദുരന്തത്തിനു മൂന്നുനാൾക്കകം കമ്പനി ചെയർമാൻ വാറൻ ആൻഡേഴ്സനെ അറസ്റ്റു ചെയ്തിരുന്നെങ്കിലും അദ്ദേഹത്തിനു വേഗത്തിൽ ജാമ്യത്തിലിറങ്ങാൻ കഴിഞ്ഞു. അടുത്ത ദിവസം കോടതി തുറക്കുമ്പോഴേക്കും, പക്ഷേ, പ്രത്യേകം വാടകയ്ക്കെടുത്ത വിമാനത്തിൽ ഈ കമ്പനി സി.ഇ.ഒ, ഇന്ത്യ വിട്ടിരുന്നു. പിന്നീടൊരിക്കലും തിരിച്ചു വന്നതുമില്ല. വർഷങ്ങൾക്കു മുമ്പ് പ്രഖ്യാപിച്ച അറസ്റ്റു വാറണ്ടിന് ഫലമുണ്ടാകാത്തതിനെത്തുടർന്നാണ് ഇപ്പോൾ പുതിയൊരെണ്ണം പുറപ്പെടുവിച്ചത്. അമേരിക്കൻ അധികൃതരും ഇന്റർപോളും പറയുന്നത് ആൻഡേഴ്സണെ കണ്ടെത്താനായില്ലെന്നാണ്. ന്യൂയോർക്കിൽ നിന്നും വിളിപ്പാടകലെ ലോങ്ങ് ഐലന്റിലെ ബ്രിഡ്ജ്ഹാംപ്ടൺ എന്ന സ്ഥലത്ത് അദ്ദേഹം സസുഖം കഴിഞ്ഞുകൂടുന്നുവെന്ന് ഏതു കൊച്ചുകുട്ടിക്കുമറിയാം. അദ്ദേഹത്തിന്റെ ഒരു വർഷത്തെ ഗോൾഫ് ക്ലബ് അംഗത്വ ചെലവുമാത്രം ഭോപ്പാൽക്കാരനു കിട്ടിയ നഷ്ടപരിഹാരത്തുകയേക്കാൾ മൂന്നുനാലിരട്ടി വരും.

ഇനി പറയൂ സുഹൃത്തേ, കൊലക്കുറ്റം ചുമത്തപ്പെട്ട ഈ മുൻ കമ്പനി മേധാവി പ്രതിനിധാനം ചെയ്യുന്ന കോർപ്പറേറ്റ് സംസ്കാരത്തെ നിങ്ങൾ പ്രകീർത്തിക്കുന്നുണ്ടോ, പ്രതിഷേധിക്കുന്നുണ്ടോ? ആൻഡേഴ്സണെ അറസ്റ്റ് ചെയ്താൽ കാർബൈഡിന്റെ ഷെയർ നിലവിലുണ്ടാകാവുന്ന തകർച്ചയേക്കാൾ വലുതല്ലേ ഇന്ത്യൻ നീതിപീഠത്തിന്റെ ഭാഗധേയം? അമേരിക്കൻ നിക്ഷേപത്തിലുണ്ടാകാവുന്ന കുറവും നയതന്ത്രബന്ധങ്ങളിലെ ചാഞ്ചല്യവും സ്പോർട്സ്മാൻ സ്പിരിറ്റോടെ നേരിടാനുള്ള ത്രാണി ദൽഹിയിലെ ടൈ കെട്ടിയ തമ്പുരാക്കന്മാർക്കുണ്ടോ? വൈകല്യങ്ങളോടെ ജനിയ്ക്കുന്ന ഭോപ്പാൽ കുഞ്ഞുങ്ങളെ ഓർത്തെങ്കിലും ഒന്നു മനസ്സിലാക്കുക. വൻപദ്ധതികളും വലിയ കുത്തകകളും അത്യന്തികമായി അപകടത്തെയാണ് ക്ഷണിച്ചു വരുത്തുന്നത്.

*മഹാരാജാസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്*
*ചെമ്പുക്കാവ്, തൃശൂർ*